**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1625** **11-09-2023 - ൽ മറുപടിയ്ക്ക്**

**വില്ലേജ് ഓഫീസുകളിൽ ജീവനക്കാരുടെ കുറവ് പരിഹരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് നോർത്ത് നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ട കച്ചേരി, പുതിയങ്ങാടി, എലത്തൂർ വില്ലേജ് ഓഫീസുകളിൽ ജീവനക്കാരുടെ കുറവുണ്ട് എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ പ്രസ്തുത കുറവ് പരിഹരിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ? | (ബി) | എലത്തൂർ വില്ലേജ് ഓഫീസിൽ വില്ലേജ് ഓഫീസർ തസ്തികയിൽ ഉണ്ടായിരുന്ന ഒഴിവ് നികത്തിയിട്ടുണ്ട്. സ്പെഷ്യൽ വില്ലേജ് ഓഫീസറുടെ (എസ്.വി.ഒ.) തസ്തികയിലെ ഒഴിവ് നികത്തിയിട്ടില്ല. പുതിയങ്ങാടി വില്ലേജ് ഓഫീസിൽ എസ്.വി.ഒ. യുടെ ഒഴിവായിരുന്നു ഉണ്ടായിരുന്നത്. ആയതിന് പകരം ഒരു വില്ലേജ് അസിസ്റ്റന്റിനെ അധികമായി നിയമിച്ചിട്ടുണ്ട്. കച്ചേരി വില്ലേജ് ഓഫീസിലെ രണ്ട് വില്ലേജ് ഫീൽഡ് അസിസ്റ്റന്റുമാരിൽ ഒരാളിനെ ജോലിക്രമീകരണ വ്യവസ്ഥയിൽ കോഴിക്കോട് താലൂക്ക് ഓഫീസിൽ ഇലക്ഷൻ വിഭാഗത്തിൽ നിയമിച്ചിട്ടുണ്ട്. പ്രസ്തുത വില്ലേജ് ഓഫീസുകളിൽ അനുവദിക്കപ്പെട്ട തസ്തികകളിൽ കുറവ് വന്നതിൽ ഉടൻ നിയമനം നടത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ